പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1935 — 10.03.2020 ൽ മറുപടിയ്ക്ക്

**സപ്ലൈകോ ഡിപ്പോകളിലെ ഭക്ഷ്യധാന്യങ്ങളുടെ കണക്കെടുപ്പ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനൂപ് ജേക്കബ്. | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സപ്ലൈകോ ഡിപ്പോകളിലും സബ് ഡിപ്പോകളിലും ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിന്റെ കണക്കെടുപ്പ് പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സപ്ലൈകോ ഡിപ്പോകളിലും സബ്ഡിപ്പോകളിലും വില്പനശാലകളിലും എല്ലാ വർഷവും മാർച്ച് മാസം അവസാന വാരം കൃത്യമായി കണക്കെടുപ്പ് നടത്തി വരുന്നു. 2018 - 2019 സാമ്പത്തിക വർഷം മാർച്ച് 29 മുതൽ 31 വരെ ആയിരുന്നു കണക്കെടുപ്പ്. ഈ വർഷം കണക്കെടുപ്പ് മാർച്ച് മാസം 29 ന് ആരംഭിച്ച് 31 ന് പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിനായി ആവശ്യമായ എല്ലാ പ്രാരംഭനടപടികളും സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | ഇതുവരെയുള്ള പരിശോധനയിൽ ഏതൊക്കെ ഡിപ്പോകളിൽ/സബ് ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ ഉപയോഗശൂന്യമായതായി കണ്ടെത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനമൊട്ടാകെയുള്ള എൻ.എഫ്.എസ്.എ ഗോഡൗണുകളിലായി 1546.384 മെട്രിക് ടൺ അരി, 555.638 മെട്രിക് ടൺ ഗോതമ്പ് എന്നിവ കെട്ടിക്കിടന്നു ഗുണമേന്മ കുറഞ്ഞതായിട്ടുണ്ട്. ആയത് ശുചീകരിച്ചതിനു ശേഷം മാത്രമേ പൂർണമായും ഉപയോഗ ശൂന്യമായ സ്റ്റോക്കിന്റെ അളവ് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കൂടാതെ പെരിന്തൽമണ്ണ താലൂക്ക് ഡിപ്പോയിൽ 100 ക്വിൻറൽ കുറുവ അരിയും ഉപയോഗശൂന്യമായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. |
| (സി) | ഇത്തരം ക്രമക്കേട് നടന്ന സ്ഥലങ്ങളിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (സി) | ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാർക്ക് എതിരെ വേലവിലക്ക്, സ്ഥലംമാറ്റം, ശമ്പള വർദ്ധനവ് തടഞ്ഞുവയ്ക്കുക തുടങ്ങി വിവിധ ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നു. ക്രമക്കേടിന്റെ വ്യാപ്തി അനുസരിച്ച് പോലീസ്/വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ